## തൃശ്ശൂർ നഗരസഭ വൈദ്യുതി വിഭാഗം

## **ഒറ്റതവണ തീർപ്പാക്കൽ പദ്ധതിയുടെ നിബന്ധനകൾ.**

1. ഒറ്റ തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം രണ്ട് വർഷത്തിൽ കൂടുതലായുള്ള കുടിശികകളാണ് പരിഗണിക്കുന്നത്.
2. കറന്റ്ചാർജ്ജ് കുടിശിക മുഴുവൻ ഒറ്റതവണയായി അടക്കുന്നവർക്കാണ് ആനുകൂല്യം ലഭിക്കുന്നത്. അതേസമയം കുടിശികയിൻമേലുള്ള പലിശ ആറ് ഗഡുക്കളായി അടക്കാൻ അനുവദിക്കുന്നതാണ്.
3. റവന്യൂറിക്കവറി നടപടിക്ക് ശുപാർശ ചെയപ്പെട്ടിട്ടുള്ള ഉപഭോക്താക്കളെയും കുടിശികക്കെതിരെ വിവിധ കോടതികളിൽ കേസുകൾ നിലവിലുള്ള ഉപഭോക്താക്കളെയും ഈ പദ്ധതിയിൽ പരിഗണിക്കുന്നതാണ്.
4. അഞ്ച് വർഷത്തിന് മുകളിലുള്ള കുടിശികക്ക് 6% പലിശയും രണ്ട് വർഷത്തിന് മുകളിലുള്ളതും അതേസമയം അഞ്ച് വർഷത്തിന് താഴെയുള്ളതുമായ കുടിശികക്ക് 8% പലിശയും ഈടാക്കുന്നതാണ്.
5. പൂർണ്ണമായി പൊളിച്ചുകൊണ്ടുവന്ന കണക്ഷനുകളിൽ മിനിമം ഡിമാന്റ് ചാർജ്ജ്/ ഫിക്സഡ് ചാർജ്ജ് എന്നിവ ഈടാക്കുന്നത് താൽക്കാലിക ഡിസ്കണക്ഷൻ മുതൽ ആറുമാസത്തേക്കായി പരിമിതപ്പെടുത്തുന്നതാണ്.
6. ഈ പദ്ധതിപ്രകാരം കുടിശിക അടച്ചു തീർക്കുന്ന പൂർണ്ണമായും പൊളിച്ചെടുക്കുന്ന കണക്ഷനുകളുടെ ഉപഭോക്താക്കൾക്ക് കണക്ഷൻ പുനസ്ഥാപിച്ചു ലഭിക്കണമെങ്കിൽ വീണ്ടും പുതിയ കണക്ഷനുള്ള അപേക്ഷ സമർപ്പിക്കേണ്ടതാണ്.
7. കേസിൽ കക്ഷികളായ ഉപഭോക്താക്കൾ ആയത് പിൻവലിച്ചാൽ മാത്രമേ ഈ പദ്ധതിക്കായി പരിഗണിക്കുകയുള്ളൂ.
8. റവന്യൂ റിക്കവറി നടപടികളിൽ ഉൾപ്പെട്ടിട്ടുള്ള കണക്ഷനുകളെ സംബന്ധിച്ച് ഇക്കാര്യം റവന്യൂ വകുപ്പിനെ അറിയിച്ച് റവന്യൂ റിക്കവറി ചാർജ്ജ് ഈടാക്കിയതിനുശേഷം മാത്രമേ പദ്ധതിയിൽ പരിഗണിക്കുകയുള്ളൂ.

OFFICE OF THE THRISSUR MUNICIPAL CORPORATION
16 ... 2014
ELECTRICITY DEPARTMENT